## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 332** **18-03-2025 - ൽ മറുപടിയ്ക്ക്**

## കെ.എസ്.ഇ.ബി.യുടെ സാമ്പത്തിക പ്രതിസന്ധി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. എ. കെ. എം. അഷ്‌റഫ്,<br>ശ്രീ. നജീബ് കാന്തപുരം | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | പുറത്തു നിന്നും വാങ്ങുന്ന വൈദ്യുതിയുടെ വില ക്രമാതീതമായി ഉയരുന്നതിനാൽ കെ.എസ്.ഇ.ബി. സാമ്പത്തിക പ്രതിസന്ധിയിലേക്ക് നീങ്ങുന്നതായി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. സാമ്പത്തിക പ്രയാസമുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ട്. നിലവിൽ 80 ശതമാനത്തോളം വൈദ്യുതി പുറമേ നിന്നു വാങ്ങിയാണ് കേരളത്തിലെ ആവശ്യകത നിറവേറ്റുന്നത്. പ്രധാന മായും താപനിലയങ്ങളിൽ നിന്നുള്ള വൈദ്യുതി ആയതിനാൽ രാജ്യവ്യാപ കമായി ഇന്ധനവിലയിലും ഗതാഗത ചെലവിലുമുണ്ടാവുന്ന വർദ്ധനവ് വൈദ്യുതി വാങ്ങൽ വില വർദ്ധിക്കുവാൻ ഇടയാക്കുന്നുണ്ട്. ഇത് കെ.എസ്.ഇ. ബി.എൽ-ന്റെ സാമ്പത്തിക സ്ഥിതിയെ പ്രതികൂലമായി ബാധിക്കുന്നതിനൊപ്പം വൈദ്യുതി നിരക്ക് വർദ്ധനയ്ക്കും ഇടയാക്കുന്നുണ്ട്. വേനൽക്കാലത്ത് വൈദ്യുതി ആവശ്യകത വർദ്ധിക്കുന്നതിനൊപ്പം ലഭ്യത കുറയുന്നതും വില ക്രമാതീതമായി ഉയരുന്നതും സാമ്പ ത്തിക പ്രതിസന്ധിയുണ്ടാക്കുന്ന ഘടകങ്ങളാണ് .<br><br>പുറത്തുനിന്ന് വാങ്ങുന്ന വൈദ്യുതിയുടെ വില വർഷങ്ങളായി ക്രമാതീതമായി വർദ്ധിക്കുകയാണ്. 2022-23 സാമ്പത്തിക വർഷം വൈദ്യുതി വാങ്ങൽ ചെലവ് 11240.62 കോടി രൂപയായിരുന്നു. ഇത് 2023-24 സാമ്പത്തിക വർഷത്തിൽ 12982.59 കോടി രൂപയായി കൂടിയിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷത്തിൽ 31-12-2024 വരെയുള്ള കണക്ക് പ്രകാരം വൈദ്യുതി വാങ്ങൽ ചെലവ് 9930.72 കോടി രൂപയാണ്.<br><br>അടുത്ത നാലുമാസം വേനൽ കാലത്ത് വൈദ്യുതി ഉപഭോഗം വൻതോതിൽ വർദ്ധിക്കുമെന്നാണ് കഴിഞ്ഞകാല അനുഭവങ്ങൾ സൂചിപ്പി ക്കുന്നത്. അതിനാൽ വൈദ്യുതി വാങ്ങൽ ചെലവും മറ്റു അനുബന്ധ ചെലവുകൾക്കുമായി കൂടുതൽ തുക കണ്ടെത്തേണ്ടതുണ്ട്. ഇതുമൂലം വരുന്ന സാമ്പത്തിക അധിക ചെലവ് |

| | | | |
|---|---|---|---|
| | | | കെ.എസ്.ഇ.ബി.എൽ-നെ സാമ്പത്തിക ഞെരുക്കത്തിലേക്ക് നയിക്കുന്നുണ്ട്.<br><br>എന്നാൽ മികച്ച ആസൂത്രണത്തിലൂടെ വൈദ്യുത ലഭ്യത ഉറപ്പു വരുത്താനും മിതമായ നിരക്കിൽ വൈദ്യുതി ലഭ്യമാക്കാനുള്ള കരാറുകളിൽ ഏർപ്പെടാനും കഴിഞ്ഞിട്ടുണ്ട്. കൂടാതെ മുൻ കാലങ്ങളിൽ നിന്നും വ്യത്യസ്തമായി അമിത ആവശ്യകത അനുഭവപ്പെടുന്ന പീക്ക് സമയങ്ങളിലേക്ക് മാത്രമായി അധിക വില നൽകി മാർക്കറ്റിൽ നിന്നും വൈദ്യുതി വാങ്ങുന്ന പ്രവണത കുറയ്ക്കുന്നതിനും അതിലൂടെ സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിനും, മറ്റു സംസ്ഥാനങ്ങളിൽ നിന്നും കൂടുതൽ അളവിലുള്ള കൈമാറ്റ കരാറുകളിൽ ഏർപ്പെടുന്നതിന് കഴിഞ്ഞിട്ടുണ്ട്. ഇതിലൂടെ പഞ്ചാബ്, ഉത്തർപ്രദേശ്, ഹിമാചൽ പ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നും വലിയ തോതിലുള്ള വൈദ്യുതി കൈമാറ്റകരാർ പ്രകാരം ഈ വർഷം മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിലേക്കായി ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇങ്ങിനെ ലഭിക്കുന്ന വൈദ്യുതി സംസ്ഥാനത്തെ വൈദ്യുതി ലഭ്യത കൂടുതലുള്ള ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള കാലയളവിൽ തിരികെ നൽകിയാൽ മതിയാകും. ഇത്തരം കരാറുകളിൽ ഒരു സാമ്പത്തിക കൈമാറ്റവും ഇല്ലാത്തതിനാൽ കെ.എസ്.ഇ.ബി.എൽ-ന്റെ വൈദ്യുതി വാങ്ങൽ ചിലവിൽ ഗണ്യമായ കുറവുണ്ടാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>ഇതിനു പുറമെ പീക്ക് സമയത്തെ വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിന് **500 MW** വീതമുള്ള രണ്ടു ബാറ്ററി എനർജി സ്റ്റോറേജ് പദ്ധതികൾ നടപ്പാക്കുന്നതിനായി ടെൻഡർ നടപടികൾ പുരോഗമിക്കുന്നു.കൂടാതെ ദീർഘകാല അടിസ്ഥാനത്തിൽ കേരളത്തിന് അനുയോജ്യമായ **3150 MW** ശേഷിയുള്ള പമ്പ്ഡ് സ്റ്റോറേജ് പദ്ധതികൾ നടപ്പിലാക്കുന്നതിനും ശ്രമങ്ങൾ പുരോഗമിക്കുന്നു. ഇത്തരം നടപടികൾ വൈദ്യുതി ബോർഡിന്റെ സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിന് ഉതകുന്നതാണ്.<br><br>മുൻ വർഷ നഷ്ടത്തിന്റെ ഭാഗം സർക്കാർ ഏറ്റെടുത്തതു വഴി ലഭ്യമാക്കുന്ന **494.29** കോടി രൂപ കൂടി പ്രയോജനപ്പെടുത്തി ഈ വേനൽക്കാല സാമ്പത്തിക ഞെരുക്കം തരണം ചെയ്യാനുള്ള നടപടികൾ കൈകൊണ്ടിട്ടുണ്ട് . |
| (ബി) | സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനായി സ്വകാര്യ മൂലധന നിക്ഷേപം സ്വരൂപിക്കാൻ | (ബി) | നിലവിൽ സ്വകാര്യ മൂലധന നിക്ഷേപ സമാഹരണത്തിനുള്ള തീരുമാനങ്ങളൊന്നും |

| | | | |
|---|---|---|---|
| | ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | | കൈകൊണ്ടിട്ടില്ല. എന്നാൽ വ്യവസായ പുരോഗതി കണക്കിലെടുത്തും വിവരസാങ്കേതിക രംഗത്തുണ്ടാവുന്ന മാറ്റങ്ങൾക്കനുസരിച്ചും വൈദ്യുതി ആവശ്യകത വൻതോതിൽ വർദ്ധിക്കു മെന്നും ഈ ആവശ്യം നിറവേറ്റുന്നതിന് 2030-ഓടു കൂടി വൈദ്യുതോൽപ്പാദനം 10GW എന്ന നിലയിലേയ്ക്ക് ഉയർത്തേണ്ടി വരുമെന്നുമാണ് കണക്കു കൂട്ടുന്നത്. ഇതിന് 50,000 കോടി രൂപയ്ക്കു മുകളിൽ മൂലധന നിക്ഷേപം ആവശ്യമായി വരുമെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ട്. ഇത് കണ്ടെത്തുന്നതിനുള്ള വിവിധ വഴിക ളെപ്പറ്റി വിശദമായി പഠിച്ചു വരികയാണ്. |
| (സി) | ഇരുപത്തിയഞ്ച് മെഗാവാട്ടിനു താഴെയുള്ള ജലവൈദ്യുത പദ്ധതികളുടെ നടത്തിപ്പിൽ നിന്നും പൂർണ്ണമായും പിൻമാറാൻ ആലോചിക്കുന്നുണ്ടോ; ഈ മേഖലയിൽ കൂടുതൽ സ്വകാര്യ കമ്പനികളെ ആകർഷിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | 25 MW – നു താഴെയുള്ള ജലവൈദ്യുത പദ്ധതികളുടെ നടത്തിപ്പിൽ നിന്നും പിന്മാറാൻ ആലോചിക്കുന്നില്ല. എന്നാൽ സമയബന്ധിതമായി പദ്ധതികൾ പൂർത്തിയാക്കുന്നതിനും 2030-ഓടു കൂടി ആഭ്യന്തര വൈദ്യുതോൽപാദനം വർദ്ധിപ്പിക്കാനുമുള്ള വിവിധ മാർഗ്ഗങ്ങൾ ആവിഷ്കരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ